LIBRARY ARCHIVES Kerala Legislative Assembly

കാലവർഷക്കെടുതിക്ക് കേന്ദ്ര സഹായം

165 (3937) ശ്രീ. പി. തിലോത്തമൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007, 2008, 2009 എന്നീ വർഷങ്ങളിലുണ്ടായ കാലവർഷക്കെടുതികളെത്തുടർന്ന് കേന്ദ്ര സഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഈ ഓരോ വർഷവും ഉണ്ടായ നഷ്ടം എത്ര വീതമാണെന്നും ഇതിൽ കേന്ദ്ര സഹായമായി ലഭിച്ച തുക എത്രവീതമാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും കാലയളവിൽ ഇത്തരം കെടുതികളുടെ പേരിൽ ആവശ്യപ്പെട്ടിട്ടുള്ള തുക നൽകാതിരുന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കാലയളവിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) 2007-ൽ തെക്കുപടിഞ്ഞാറൻ കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടാൻ 641.29 കോടി രൂപയും 2008-ൽ വേനൽമഴ മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടാൻ 208 കോടി രൂപയും 2009-ൽ തെക്കുപടിഞ്ഞാറൻ കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടാൻ 334.33 കോടി രൂപയുടെയും സി.ആർ.എഫ്. മാനദണ്ഡപ്രകാരം കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 2007-ൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിനുണ്ടായ നാശനഷ്ടങ്ങൾക്കായി ലഭിച്ച 60.28 കോടി രൂപ മാത്രമാണ് എൻ.സി.സി.എഫ്.-ൽനിന്ന് കേന്ദ്ര സഹായമായി ഇതുവരെ ലഭിച്ചിട്ടുള്ളത്.

(സി) 2008-ലും 2009-ലും കേന്ദ്ര സഹായം ആവശ്യപ്പെട്ട് മെമ്മോറാണ്ടം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിക്കുകയും ചെയ്തുവെങ്കിലും സംസ്ഥാനത്തിന് കേന്ദ്ര സഹായമായി എൻ.സി.സി.എഫ്.-ൽനിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായം

166 (3938) ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10-ൽ വെള്ളപ്പൊക്ക ദുരിതാശ്വാസമായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുക ലഭിച്ചു ;